**QP CODE: 18103465**

18103465

**Reg No** : ....................

**Name** : ....................

## UNDERGRADUATE (CBCS) EXAMINATION, NOVEMBER 2018

**Third Semester**

ADDITIONAL LANGUAGE - MALAYALAM

**ML3CCT03 - മലയാളം - ദൃശ്യകലാ സാഹിത്യം**

(Common for Model I BA/B.Sc Programmes)

2017 Admission onwards

**Maximum Marks: 80** **Time: 3 Hours**

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. "പുകകൊണ്ട് കണ്ണ് മറഞ്ഞിരുന്നുവെങ്കിലും ഹോതാവ് ഹോമിച്ചത് ഭാഗ്യവശാൽ അഗ്നിയിൽ തന്നെ പതിച്ചു"- സന്ദർഭമെന്ത്?
2. "ഭഗവാനേ, ഇതൊരാശിസ്സല്ല; വരംതന്നെയാണ്"-വക്താവാര് ? സന്ദർഭമേത് ?
3. പ്രഹസനം , ഡിമം എന്നിവയെ പരിചയപ്പടുത്തുക
4. കുറിപ്പെഴുതുക: കൃഷ്ണനാട്ടം
5. ' ഖേദമരുതു തേ പറന്നിച്ഛയെക്കാത്ത വഴി ഗച്ഛ നീ " - ആരുടെ വാക്കുകൾ ? സന്ദർഭമേത് ?
6. " മിന്നൽക്കൊടി ഇറങ്ങി വരികയോ
   വിധുമണ്ഡലമിറങ്ങി ക്ഷിതിയിലേ പോരികയോ " - സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.
7. തുള്ളൽ പ്രസ്ഥാനത്തിൻറ ഉത്ഭവം സംബന്ധിച്ച ഐതിഹ്യമെന്ത്?
8. കല്യാണസൗഗന്ധികം തുള്ളലിലെ കാട്ടാള വർണ്ണന എപ്രകാരമാണ്?
9. ബർടോൾഡ് ബ്രഹ്തിൻറെ അന്യവത്കരണസിദ്ധാന്തം പരിചയപ്പെടുത്തുക.
10. കുറിപ്പു തയ്യാറാക്കുക - സി.ജെ. തോമസ്
11. ഫാൽക്കെ ഉണർത്തി വിട്ട നിശബ്ദ സിനിമാതരംഗം തെക്കേ ഇന്ത്യൻസിനിമകളെ സ്വാധീനിച്ചത് എപ്രകാരമായിരുന്നു ?
12. മലയാളസിനിമാ വ്യവസായത്തിൻറെ സവിശേഷതകൾ എന്തെല്ലാം ?

(10×2=20)

### പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. കഥാപാത്രനിരൂപണം ചെയ്യുക- ബലരാമൻ
14. " പ്രിയമാനസാ നീ പോയ് വരേണം
    പ്രിയയോടെന്നുടെ വാർത്തകൾ ചൊൽവാൻ "- ആരുടെ വാക്കുകുകള്ദ ? സന്ദർഭമേത് ?
15. നളചരിതം ആട്ടക്കഥയുടെ ഭാഷാപരമായ സവിശേഷതകൾ എന്തെല്ലാം
16. തുള്ളൽ കലാരൂപത്തിന്റെ ഉദ്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യം ചുരുക്കി പ്രതിപാദിക്കുക .
17. കല്യാണസൗഗന്ധികം തുള്ളലിൽ നമ്പ്യാരുടെ സാമൂഹിക വിമർശനം പ്രകടമാകുന്നതെങ്ങനെ?

18. ക്രൈം നാടകത്തിലെ ഗുരു എന്ന കഥാപാത്രത്തെ വിലയിരുത്തുക

19. "പക്ഷേ നിന്നെ സംബന്ധിച്ചിടത്തോളം അതൊരു നിസ്സാര സംഭവമാണ്. ഒരു വെറും ഫലിതം " - ഫലിതമേത്? വിശദമാക്കുക.

20. ചലച്ചിത്ര വീരഗാഥകളുടെ സാംസ്കാരിക രാഷ്ട്രീയമെന്തായിരുന്നു?

21. ചലച്ചിത്രകാരൻ എന്ന നിലയിൽ എം. ടി യെ പരിചയപ്പെടുത്തുക

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. പൗരസ്ത്യ നാടകസങ്കേതങ്ങളിൽ ഏറെ പ്രാധാന്യമുള്ള അശരീരികൾ ശാകുന്തളം നാലാമങ്കത്തിൽ പ്രമേയത്തെ ബലപ്പെടുത്തുന്നുണ്ടോ? സാധൂകരിക്കുക.

23. രംഗാവതരണകല എന്ന നിലയിൽ നളചരിതം എത്രമാത്രം സ്വീകാര്യമാണ്?- സ്വാഭിപ്രായത്തെ സാധൂകരിക്കുക.

24. കുഞ്ചൻ നമ്പ്യാരുടെ സാമൂഹികവിമർശനം, വർണ്ണനാപാടവം, ഹാസ്യചാതുരി എന്നിവയെ അടിസ്ഥാനമാക്കി കല്യാണസൗഗന്ധികം തുള്ളലിനെ വിലയിരുത്തുക.

25. ക്രൈം നാടകത്തിലെ കഥാപാത്രങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

(2×15=30)